## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1501** **12-02-2025 - ൽ മറുപടിയ്ക്ക്**

## കോതമംഗലം താലൂക്കിലെ അർഹരായ കൈവശക്കാർക്ക് പട്ടയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം താലൂക്കിലെ അർഹരായ മുഴുവൻ കൈവശക്കാർക്കും പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) | കോതമംഗലം താലൂക്കിലെ അർഹരായ മുഴുവൻ ആളുകൾക്കും വേഗത്തിൽ പട്ടയം അനുവദിക്കുന്നതിന് 14/03/2024- ലെ സ.ഉ.(കൈ) നം. 65/2024/RD നമ്പർ ഉത്തരവ് പ്രകാരം 17 ജീവനക്കാരടങ്ങുന്ന സ്പെഷ്യൽ തഹസീൽദാരുടെ ആഫീസ് കോതമംഗലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും, പട്ടയ നടപടികളുടെ സങ്കീർണ്ണത ഒഴിവാക്കുന്നതിന് 04/11/2023-ലെ സ.ഉ(ആർ.റ്റി) 3966/2023/ ആർ.ഡി പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.<br><br>കോതമംഗലം സ്പെഷ്യൽ ആഫീസിലേയ്ക്ക് 5365 പട്ടയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ കടവൂർ വില്ലേജിൽ 10 പേർക്ക് പട്ടയം നൽകിയിട്ടുള്ളതും, 56 എണ്ണം തയ്യാറാക്കിയിട്ടുള്ളതുമാണ്. കുട്ടമ്പുഴ വില്ലേജിലെ 654 അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതും, അതിൽ 382 അപേക്ഷകളിൽ പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു വരെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. കുട്ടമ്പുഴ വില്ലേജിലെ മണികണ്ഠൻ ചാൽ, കല്ലേലിമേട് എന്നീ പ്രദേശങ്ങളിൽ 259.0891 ഹെക്ടർ സ്ഥലത്തെ സർവ്വെ നടപടികൾ നടന്നു വരുന്നതായും, നേര്യമംഗലം വില്ലേജിലെ അപേക്ഷകളിൽ 100 എണ്ണത്തിന് സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതായും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | പട്ടയ നടപടികളുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉദ്യോഗസ്ഥർ ഏതെങ്കിലും തരത്തിലുള്ള തടസ്സവാദങ്ങൾ ഉന്നയിച്ചിരുന്നോയെന്ന് അറിയിക്കാമോ; | (ബി) | തിരുവിതാംകൂർ സർക്കാരിന്റെ 09/07/1895-ലെ വിജ്ഞാപന പ്രകാരം കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ വില്ലേജിലെ പട്ടയവിഷയവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ വനം വകുപ്പിന്റേതാണെന്ന് വനം വകുപ്പ് അവകാശ വാദം ഉന്നയിച്ചിട്ടുള്ളതാണ്. കുട്ടമ്പുഴ വില്ലേജിലെ പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയ 382 അപേക്ഷകളിൽ പട്ടയം നൽകുന്നതിന് അപേക്ഷ വസ്തുക്കളിൽ സ്ഥിതി ചെയ്യുന്ന മരങ്ങളുടെ വൃക്ഷ വില |

| | | | |
|---|---|---|---|
| | | | കണക്കാക്കുന്നതിന് വനം വകുപ്പിലേയ്ക്ക് കത്ത് നൽകിയെങ്കിലും അതിനുള്ള നടപടികൾ വനം വകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിച്ചിട്ടില്ല. |
| (സി) | ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ അർഹരായ മുഴുവൻ കൈവശക്കാർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ അർഹരായ മുഴുവൻ കൈവശക്കാർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ആയതിന്റെ ഭാഗമായി 14/03/2024- ലെ സ.ഉ.(കൈ) നം. 65/2024/റവ നമ്പർ ഉത്തരവ് പ്രകാരം കോതമംഗലം സ്പെഷ്യൽ തഹസിൽദാരുടെ ആഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും, കടവൂർ വില്ലേജിൽ 10 പേർക്ക് പട്ടയം നൽകിയിട്ടുള്ളതും, 56 എണ്ണം തയ്യാറാക്കിയിട്ടുള്ളതുമാണ്. കുട്ടമ്പുഴ വില്ലേജിലെ 654 അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതും, അതിൽ 382 അപേക്ഷകളിൽ പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു വരെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതും, കുട്ടമ്പുഴ വില്ലേജിലെ മണികണ്ഠൻ ചാൽ, കല്ലേലിമേട് എന്നീ പ്രദേശങ്ങളിൽ 259.0891 ഹെക്ടർ സ്ഥലത്തെ സർവ്വെ നടപടികൾ നടന്നു വരുന്നതും, നേര്യമംഗലം വില്ലേജിലെ അപേക്ഷകളിൽ 100 എണ്ണത്തിന് സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതുമാണ്. വനം വകുപ്പ് തടസ്സവാദം ഉന്നയിച്ച സാഹചര്യത്തിൽ ബന്ധപ്പെട്ട എല്ലാ ജില്ലാ ഫോറസ്റ്റ് ആഫീസർമാരുമായി 12/12/2024-ൽ ജില്ലാ കളക്ടറുടെ ചേംബറിൽ വച്ച് മീറ്റിംഗ് നടത്തിയിട്ടുള്ളതും, ടി വിഷയത്തിൽ സർക്കാർ തലത്തിൽ വനം - റവന്യൂ വകുപ്പുകളുടെ മീറ്റിംഗ് നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്. പട്ടയ അപേക്ഷകൾ സമയബന്ധിതമായി തീർക്കുന്നതിന് ഓരോ ജില്ലയ്ക്കും നിശ്ചിത എണ്ണം പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് ടാർജറ്റുകൾ നൽകിയിട്ടുള്ളതും എറണാകുളം ജില്ലയ്ക്ക് ഈ വർഷം 4627 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ടാർജറ്റ് നൽകിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ